ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 05.11.2026 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. ഏഷ്യൻ പാരാ ഗെയിംസ് 2026-ൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സംവദിക്കും.

   PM Narendra Modi to interact with Indian contingent of Asian Para Games 2026 today.

2. സൈന്യത്തിലെ അഗ്നിവീറുകളുടെ സേവന കാലാവധി നാലിൽ നിന്ന് ആറ് വർഷമായി ഉയർത്തി കേന്ദ്രമന്ത്രിസഭാ യോഗം. ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾക്കായുള്ള, കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കാലാവധി അഞ്ച് വർഷത്തേക്ക് കൂടി നീട്ടി.

   Union Cabinet extends service period of Agniveers in military from four to six years. Centrally sponsored scheme for Fast Track Special Courts extended for another five years.

3. രാജ്യപുരോഗതിയും പാരിസ്ഥിതിക ഉത്തരവാദിത്വവും പരസ്പര പൂരകമെന്ന് രാജ്യ രക്ഷ മന്ത്രി രാജ്നാഥ് സിംഗ്. ഇൻഡോ - പസിഫിക് റീജിയണൽ ഡയലോഗിനെ കേന്ദ്രമന്ത്രി അഭിസംബോധന ചെയ്തു.

   National progress and environmental responsibility complement each other says Defence Minister Rajnath Singh. Union Minister addresses Indo-Pacific Regional Dialogue.

4. കേരളത്തിൽ ലഹരി വ്യാപനം തടയുന്നതിനുള്ള ഓപ്പറേഷൻ തൂഫാനെ അഭിനന്ദിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

Union Home Minister Amit Shah praises 'Operation Toofan' aimed at curbing drug menace in Kerala.

5. ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗതത്തിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ നിന്ന് ഇന്ത്യൻ കപ്പലുകളെ ഒഴിവാക്കിയതായി ഇറാൻ.

Iran exempts Indian ships from transit restrictions imposed in Strait of Hormuz.

6. ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പ് സെമിഫൈനലിൽ ദക്ഷിണ കൊറിയയെ പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ.

India enters final after defeating South Korea in Asian Hockey Championship semifinal.

PM - ASIAN PARA GAMES 2026

ഏഷ്യൻ പാരാ ഗെയിംസ് 2026-ൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകുന്നേരം ന്യൂഡൽഹിയിൽ സംവദിക്കും. ഇന്ദിരാഗാന്ധി സ്പോർട്സ് കോംപ്ലക്സിലാണ് പരിപാടി. ഏഷ്യൻ പാരാ ഗെയിംസിൽ 30 സ്വർണവും, 35 വെള്ളിയും, 49 വെങ്കലവും ഉൾപ്പെടെ 114 മെഡലുകൾ നേടി ഇന്ത്യൻ താരങ്ങൾ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്.

****

CABINET - AGNIVEERS

സൈന്യത്തിലെ അഗ്നിവീറുകളുടെ സേവന കാലാവധി നാലിൽ നിന്ന് ആറ് വർഷമായി ഉയർത്തി കേന്ദ്രമന്ത്രിസഭാ യോഗം. അഗ്നിവീറുകളുടെ ആദ്യ ബാച്ച് നാല് വർഷത്തെ സേവന കാലാവധി പൂർത്തിയാക്കുന്ന സാഹചര്യത്തിലാണ് തീരുമാനം. ഇന്ത്യയുടെ ഹരിത ഊർജ്ജ പദ്ധതികൾക്ക് കൂടുതൽ കരുത്തേകാൻ മണിക്കൂറിൽ 92 ഗിഗാവാട്ട് ശേഷിയുള്ള ഊർജ്ജ സംഭരണ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾക്കായുള്ള, കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കാലാവധി അഞ്ച് വർഷത്തേക്ക് കൂടി നീട്ടുന്നതിനും മന്ത്രിസഭ തീരുമാനിച്ചു. രാജ്യത്തെ ഔദ്യോഗിക വിവരശേഖരണ ശൃംഖലയെ, അത്യാധുനികമാക്കുന്നതിനുള്ള 'വിസ്റ്റാർ പദ്ധതി'ക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

****

PM - CABINET

നിർണായക ധാതു സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള മൂലധന സഹായ പദ്ധതിയായ Capex ന് കേന്ദ്ര മന്ത്രി സഭ അംഗീകാരം നൽകി. രണ്ടായിരം കോടി രൂപയിലധികം വകയിരുത്തിയ പദ്ധതിക്ക് അഞ്ചു വർഷത്തേക്കാണ് അനുമതി നൽകിയത്. ഇലക്ട്രിക് വാഹനങ്ങൾ, പ്രതിരോധ മേഖല തുടങ്ങിയവക്ക് ആവശ്യമായ ലിഥിയം, നിക്കൽ, കോബാൾട്ട് എന്നിവ ഇന്ത്യ ഇപ്പോഴും ഇറക്കുമതി ചെയ്യുകയാണെന്നും ഈ സാഹചര്യം പരിഹരിക്കുന്നതിന് 'കാപെക്സ് സപ്പോർട്ട് സ്കീമിന് സാധിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിലൂടെ അറിയിച്ചു.

****

AMIT SHAH - HARYANA

1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിലെ ധീരരക്തസാക്ഷികളുടെ സ്മരണയ്ക്കായി ഹരിയാനയിലെ അംബാലയിൽ നിർമ്മിച്ച സ്മാരകം

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഉദ്ഘാടനം ചെയ്യും. 22 ഏക്കറിലായി, 800 കോടിയോളം രൂപ ചെലവിൽ നിർമ്മിച്ച സ്മാരകത്തിൽ 700-ലധികം ധീരരക്തസാക്ഷികളുടെ പേരുകൾ സ്വർണ്ണ അക്ഷരങ്ങളിൽ ആലേഖനം ചെയ്തിട്ടുണ്ട്.

****

REV RAJNATH - INDO PACIFIC (INTRO)

സാമ്പത്തിക പുരോഗതിയും പാരിസ്ഥിതിക പ്രതിബദ്ധതയും ഒരുമിച്ച് മുന്നോട്ടു പോകണമെന്ന് രാജ്യ രക്ഷ മന്ത്രി രാജ്നാഥ് സിംഗ്. ഇന്നലെ നടന്ന ഇൻഡോ - പസിഫിക് റീജിയണൽ ഡയലോഗിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യപുരോഗതിയും പാരിസ്ഥിതിക ഉത്തരവാദിത്വവും പരസ്പര പൂരകം ആണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

(വോയിസ്.....)

ഇന്ത്യയുടെ സമുദ്ര സുരക്ഷാ ഉത്തരവാദിത്തങ്ങൾ രാജ്യത്തിന്റെ തീരപ്രദേശങ്ങൾക്ക് അപ്പുറത്തേക്കും വ്യാപിച്ചുകിടക്കുന്നതായി കേന്ദ്രമന്ത്രി പറഞ്ഞു.

****

PRALHAD JOSHI - MEET

2027 മുതൽ 2030 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ രാജ്യത്തെ ഹരിത ഊർജ മേഖല ഏകദേശം 220 ബില്യൺ യു.എസ് ഡോളറിന്റെ നിക്ഷേപ അവസരങ്ങളാണ് മുന്നോട്ടുവെക്കുന്നതെന്ന് കേന്ദ്ര ഊർജ മന്ത്രി പ്രൽഹാദ് ജോഷി. ഭാരത് റിന്യൂവബിൾ എനർജി സമ്മിറ്റ് 2026-ന്റെ ഭാഗമായി കാനഡ പെൻഷൻ പ്ലാൻ ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ സീനിയർ മാനേജിംഗ് ഡയറക്ടർ മാക്സിമിലിയൻ ബിയാ ഗോഷുമായി കേന്ദ്ര മന്ത്രി കൂടിക്കാഴ്ച നടത്തി.

****

SC - CHILD LABOUR

അപകടകരമായ സാഹചര്യത്തിൽ കുട്ടികളെ ജോലി ചെയ്യിക്കുന്നത് നിരോധിക്കുന്ന ബാല വേല പ്രതിരോധ നിയമം നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനായി പ്രത്യേക സെൽ രൂപീകരിക്കാൻ നിർദേശിച്ച് സുപ്രീം കോടതി. ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഓരോ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രെട്ടറിമാർ മുഖേന കൈമാറാൻ കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന് കോടതി നിർദ്ദേശം നൽകി.

****

HEALTH MINISTRY-DRUGS RULE

ഗ്രേഡ് എ സൂക്ഷ്മാണു നിരീക്ഷണ നിബന്ധനകൾ ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമാക്കുന്നതിന് 1945-ലെ ഡ്രഗ്സ് ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ കരട് വിജ്ഞാപനം പുറപ്പെടുവിച്ച് കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം. ഷെഡ്യൂൾ എം നിഷ്കർഷിക്കുന്ന സൂക്ഷ്മാണു മലിനീകരണ പരിധിയും ഗ്രേഡ് എ മേഖലകൾക്കായുള്ള ലോകാരോഗ്യ സംഘടനയുടെ തത്തുല്യ നിബന്ധനകളും തമ്മിലെ നിലവിലെ അന്തരം പരിഹരിക്കുകയാണ് ലക്ഷ്യം. അണുവിമുക്തമായ ഫാർമസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും സുരക്ഷിതത്വവും ഉറപ്പാക്കാൻ ലക്ഷ്യമിട്ടാണ് നടപടി.

****

AMIT SHAH - THOOFAN

കേരളത്തിൽ ലഹരി വ്യാപനം തടയാൻ ജനങ്ങളെ അണിനിരത്തി നടപ്പിലാക്കുന്ന ഓപ്പറേഷൻ തൂഫാനെ അഭിനന്ദിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. നശാമുക്ത് ഭാരത് പദ്ധതിയുടെ ഭാഗമായി ഓപ്പറേഷൻ തൂഫാന് കേന്ദ്ര സഹായം നൽകാമെന്നും

അദ്ദേഹം അറിയിച്ചു. കേരള പൊലീസിന്റെ ആധുനികവത്കരണത്തിനായുള്ള പദ്ധതികൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി കൂടിക്കാഴ്ച നടത്തി.

****

GOVERNOR - PM

കേരള ഗവർണർ ഓം പ്രകാശ് മാഥൂർ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. സംസ്ഥാനത്തിന്റെ സമഗ്ര വികസനവും ജനങ്ങളുടെ ക്ഷേമവും സംബന്ധിച്ച വിവിധ വിഷയങ്ങൾ ചർച്ചയായി. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്ങ് എന്നിവരെയും ഗവർണർ സന്ദർശിച്ചു.

****

GADKARI - ELECTRIC VEHICLE (INTRO)

രാജ്യത്തെ ഇലക്ട്രിക് വാഹന വിപണി വൻ വളർച്ച കൈവരിച്ചുക്കുന്നതായി കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നത് പെട്രോളിയം ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കാനും, മലിനീകരണം തടയാനും, സഹായിക്കുമെന്നും ന്യൂഡൽഹിയിൽ നടന്ന 'ഇവി ഈക്കോസിസ്റ്റം അവാർഡ് ദാന' ചടങ്ങിൽ അദ്ദേഹം അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്.....)

****

VAYO SAMMAN

മുതിർന്ന പൗരന്മാരുടെ ക്ഷേമവും സമൂഹത്തിൽ അവരുടെ പങ്കാളിത്തവും ഉറപ്പാക്കുക എന്നത് സർക്കാരിന്റെ മാത്രം ഉത്തരവാദിത്തമല്ല, മറിച്ച് സമൂഹത്തിന്റെ ആകെ കടമയാണെന്ന് കേന്ദ്രമന്ത്രി വീരേന്ദ്ര കുമാർ. സാമൂഹ്യനീതി, ശാക്തീകരണ വകുപ്പ് സംഘടിപ്പിക്കുന്ന 'വയോ സമ്മാൻ രാഷ്ട്രീയ അഭിയാൻ' പ്രചാരണ പരിപാടിക്ക് ന്യൂഡൽഹിയിൽ തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. തലമുറകൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും, മുതിർന്ന പൗരന്മാരുടെ അനുഭവസമ്പത്ത്, തിരിച്ചറിഞ്ഞ് മെച്ചപ്പെട്ട ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

****

INDIA-IRAN SHIPPING EXEMPTION

ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗതത്തിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ നിന്ന് ഇന്ത്യൻ കപ്പലുകളെ ഒഴിവാക്കിയതായി ഇറാൻ സർക്കാർ. ഇന്ത്യ, ചൈന, ഇറാഖ്, ഖത്തർ എന്നീ രാജ്യങ്ങൾക്കാണ് ഇളവുകൾ അനുവദിച്ചിട്ടുള്ളത്. അവശ്യ മരുന്നുകളുടെ ഇറക്കുമതി സുഗമമാക്കുന്നതിനാണ് ഇന്ത്യയ്ക്ക് ഇളവ് നൽകിയത് എന്നും ഇറാൻ അറിയിച്ചു.

****

SABARIMALA

ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി റവന്യൂ മന്ത്രി എ പി അനിൽകുമാറിന്റെ അധ്യക്ഷതയിൽ ഇന്ന് പമ്പയിൽ അവലോകന യോഗം ചേരും. തീർത്ഥാടകർക്കും ഉദ്യോഗസ്ഥർക്കുമുള്ള ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമായ ശബരി പോർട്ടലും ചാറ്റ്ബോട്ടും മന്ത്രി ഉദ്ഘാടനം ചെയ്യും.

****

HOCKEY

ഒമ്പതാമത് ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പ് സെമിഫൈനലിൽ ഒന്നിനെതിരെ എട്ട് ഗോളുകൾക്ക് ദക്ഷിണ കൊറിയയെ പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ പ്രവേശിച്ചു. മൊഹാലിയിൽ ഇന്ന് നടക്കുന്ന ഫൈനലിൽ ഇന്ത്യ ജപ്പാനെ നേരിടും. മലേഷ്യയെ പരാജയപ്പെടുത്തിയാണ് ജപ്പാൻ ഫൈനലിൽ എത്തിയത്.

****

MENS CRICKET

ന്യൂസിലൻഡിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 5 വിക്കറ്റ് വിജയം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത കിവീസിന് 40.2 ഓവറിൽ 185 റൺ എടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റും നഷ്ടമായി. മഴ മൂലം വിജയലക്ഷ്യം 32 ഓവറിൽ 143 ആക്കി ചുരുക്കിയിരുന്നു. 51 പന്തിൽ 74 റൺസ് നേടിയ വിരാട് കോഹ്ലി, ഏകദിനത്തിൽ ഏറ്റവും കൂടുതൽ റൺ നേടുന്ന താരമെന്ന സച്ചിൻ ടെണ്ടുൽക്കറുടെ റെക്കോർഡ് മറികടന്നു. രണ്ടാം മത്സരം ശനിയാഴ്ച വെല്ലിങ്ടണ്ണിൽ നടക്കും.

****

SOUTH INDIAN WEIGHTLIFTING

കണ്ണൂരിൽ സമാപിച്ച ദക്ഷിണേന്ത്യൻ ഭാരദ്വഹന ചാമ്പ്യൻഷിപ്പിൽ പുരുഷ-വനിതാ വിഭാഗങ്ങളിൽ കേരളം ഓവറോൾ ചാമ്പ്യന്മാരായി. ആന്ധ്രപ്രദേശ് രണ്ടാം സ്ഥാനവും, കർണാടക മൂന്നാം സ്ഥാനവും നേടി.